# പാളങ്ങൾ

ഉടഞ്ഞ കണ്ണാടിച്ചില്ലിൽ നോക്കി അവൾ ചിതറിയ മുടിയിഴകൾ ഒതുക്കിവച്ചു. കണ്ണിനു താഴെ കരിവാളിപ്പുണ്ട്. മുടിയിഴകൾ അങ്ങിങ്ങ് നരച്ച് തുടങ്ങിയിരിക്കുന്നു. നിരാശയുടെ ദൈന്യതയുടെ വെള്ളിനൂലുകൾ.... അല്ലെങ്കിൽ തന്നെയിനിയെന്ത്.... തന്റെ ജീവിതം എന്നോ നരച്ചുതുടങ്ങിയതാണ്....

തീവണ്ടിയുടെ ചൂളം വിളി ജാലകവാതിലിലൂടെ അരിച്ചെത്തി. സദാ കാതടപ്പിക്കുന്ന ശബ്ദം.

പഴയ സാരിയിൽ തുന്നിയ ചുവന്ന ജാലകവിരി അവൾ മെല്ലെ വകഞ്ഞു. കത്തിനിൽക്കുന്ന തെരുവുവിളക്കുകൾ.... തീവണ്ടിപ്പാളത്തിനപ്പുറത്ത് തെരുവിന്റെ തിരക്കും നിഗൂഢതകളും....

തീവണ്ടി ഗർജ്ജനത്തോടെ അവളുടെ കൺമുൻപിലൂടെ കുതിച്ചുപാഞ്ഞു. തുടക്കവും ഒടുക്കവുമറിയാത്ത പാളങ്ങൾ.... ഒരർഥത്തിൽ

തന്റെ ജീവിതവും അതേ തന്നെയല്ലേ? എവിടെ തുടങ്ങി, എവിടെ അവസാനിക്കുന്നു എന്ന് നിശ്ചയമില്ല. കാലം ഒരവധൂതനെ പോലെ കടന്നുവരുന്നു. അനന്തതകളുടെ തീച്ചൂളയിൽ വെന്തുരുകിയതാണ് തന്റെ ജീവിതവും; കുടുംബവും..... നിർഭാഗ്യങ്ങളുടെ ചുമട് പേറി തളർന്നു. ഇനി വയ്യ....

"അമ്മേ... അമ്മയെവിടാ...?"

ഒരുമുറി വീടിന്റെ ഉമ്മറപ്പടികളിൽ നിന്ന് തന്റെ മകൻ വിളിച്ചോ...?

"ഉണ്ണീ... എന്റെ പൊന്നുമോനേ...."

അവന്റെ സ്നേഹപൂർവ്വമായ വിളി വീണ്ടും വീണ്ടും കാതുകളിൽ മുഴങ്ങുന്നു... എന്നാൽ ജീവിതം കരുപ്പിടിപ്പിക്കാനുള്ള തന്റെ ഓട്ടത്തിനിടയിൽ തനിക്കെല്ലാം നഷ്ടമായി. ഒടുവിൽ തന്റെ മകനേയും.....

"ദേവൂ... ഈ ചേരിയിൽ നിന്നും നമുക്കുടനെ മാറി താമസിക്കണം. ഉണ്ണിയെ നന്നായി പഠിപ്പിക്കണമെങ്കിൽ ഇവിടം പറ്റില്ല."

-അവന്റെ അച്ഛന്റെ വലിയ സ്വപ്നമായിരുന്നു.

"അതൊക്കെ വലിയ കാശുമുടക്കുള്ള കാര്യമല്ലേ വാസുദേവട്ടാ... നമുക്കതെന്തിനാ?"

പൂർത്തിയാക്കാൻ അദ്ദേഹം സമ്മതിച്ചിട്ടില്ല.

"നീ നോക്ക്യോ ദേവൂ... ഞാനതൊക്കെ നടത്തിയിരിക്കും."

പക്ഷെ ആ സ്വപ്നം പൂർത്തിയാക്കാൻ അദ്ദേഹം നിന്നില്ല. ഒരു പനിയായിട്ടായിരുന്നു തുടക്കം.. അമ്പതാം നാൾ തന്നെയും മകനെയും ഉപേക്ഷിച്ച്, കുറച്ചു മോഹങ്ങൾ മാത്രം ബാക്കിവച്ച് അദ്ദേഹം....

പിന്നെയങ്ങോട്ട് ജീവിതപാത കല്ലും മുള്ളും നിറഞ്ഞതായിരുന്നു. താങ്ങും തണലുമായി തന്റെ വാസുദേവട്ടനില്ലാതെ...

പല വീടുകളിലും തുണിയലക്കിയും മുറ്റമടിച്ചും എച്ചിൽ പാത്രങ്ങൾ കഴുകിയും.... തന്റെ മകനെന്നൊരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ.

അവനെ പഠിപ്പിക്കണം... ചേരിയിൽ നിന്ന് താമസം മാറണം....

സന്ധ്യയായാൽ വീട്ടിലെത്താനുള്ള തിടുക്കം. ഉണ്ണി തനിച്ചാണ്. താൻ പാളം മുറിച്ചു കടക്കുമ്പോഴാണ് അവൻ ഉമ്മറത്തിണ്ണയിൽ നിന്നെഴുന്നേൽക്കുന്നത്.

സ്കൂൾ വിട്ടു വന്നാൽ ഒറ്റക്കിരിക്കാൻ അവൻ ശീലിച്ചു കഴിഞ്ഞു. എങ്കിലും ഉള്ളിൽ ആധിയാണ്. എന്തെല്ലാം കാണുന്നു; കേൾക്കുന്നു. തന്റെ ഉണ്ണി വേഗം വലുതാവണം.

"അമ്മ ഉറങ്ങിയോ.?"

"ഉം... എന്താ ഉണ്ണീ ?"

"എനിക്കീ ചേരി ഇഷ്ടമല്ലമ്മേ... തീവണ്ടിയുടെ ശബ്ദം എനിക്കു മടുത്തു. നമ്മളെന്നാ അമ്മേ ഇവിടുന്ന് മാറുക.?"

"ഇപ്പം മോനുറങ്ങ്... നാളെ സ്കൂളിൽ പോകേണ്ടതല്ലേ...?"

മകനെ കണ്ണുകളിൽ ചുംബിച്ച് ആശ്വസിപ്പിച്ചുറക്കി. താനുറങ്ങാത്ത എത്രയോ

രാത്രികൾ... തെരുവുകൾക്കു മീതെ തീവണ്ടി-
യുടെ ചൂളം വിളി കടന്നുപോയ്ക്കൊണ്ടിരുന്നു...

മകന് പൊക്കം വെക്കുന്നതും
മേൽച്ചുണ്ടിൽ രോമം മുളക്കുന്നതുമെല്ലാം
ആശ്വാസത്തോടെ നോക്കിക്കണ്ടു. കാക്കക്കും
പരുന്തിനും കൊടുക്കാതെ തന്റെ പൊന്നു-
മോനെ അതുവരെ കാത്തു; എന്നിട്ടും....

എപ്പോഴാണ് ആശ്വാസത്തിന്റെ
നാളുകൾ അകന്നു പോയത്?

അവൻ തന്നിൽ നിന്നകലുന്നത്
അറിയാൻ കഴിയാതെ പോയ്. താൻ അവനു
കൊടുത്ത ഏകാന്തതയാണോ... അതോ
ജീവിതപ്രാരാബ്ധങ്ങളുടെ നിസ്സംഗതയാണോ...
എന്താണ് തന്റെ ഉണ്ണിയെ തന്നിൽ നിന്നും
അകറ്റിയത്....?

വഴിപിഴച്ച സൗഹൃദങ്ങളും,
മദ്യവും ലഹരിയും.... ഒറ്റമുറി വീടിന്റെ
ഉമ്മറത്തിനപ്പുറം അവന്റെ ലോകം
എന്നോ മാറിപ്പോയിരുന്നു. ഇതൊന്നും

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

അറിയാതെ ഞാൻ അവനെവേണ്ടി
അഹോരാത്രം പാടുപെട്ടു....
മക്കളുടെ നിഷ്കളങ്കതയും
നൈർമല്യവും ചിരിയും മനസ്സും
മാറിപ്പോകുന്നതറിയാത്ത അനേകം അമ്മ-
മാരിൽ ഒരാൾ മാത്രമാണ് ഞാൻ...
ജീവിതവീഥിയിലെ കഷ്ടപ്പാടു-
കൾ അവനെ അറിയിക്കാതിരുന്നതാണോ
ഞാൻ ചെയ്ത തെറ്റ്? കുറച്ചു കൂടി
ഉത്തരവാദിത്വബോധത്തോടെ അവനെ
വളർത്തിയിരുന്നുവെങ്കിൽ അന്ന് അവന്റെ
ജീവൻ ഈ പാളത്തിൽ പൊലിയില്ലായി-
രുന്നു....

"വാസുദേവട്ടാ മാപ്പ്.... ദേവു
തോറ്റുപോയി.... വീണ്ടും വീണ്ടും മാപ്പ്...."

കണ്ണുകളിൽ തളംകെട്ടി നിന്ന
ദുഃഖത്തിന് അപ്പോൾ തിരത്തലത്തിന്റെ
ചൂടുണ്ടാവണം. കണ്ണീരിലുരുകി മിഴികൾ
കറുത്തു കുഴിഞ്ഞുപോയി....

"അമ്മേ, അമ്മ ഉറങ്ങിയില്ലേ...?"

ഉമ്മറത്തിണ്ണയിൽ നിന്ന് തന്റെ ഉണ്ണി വിളിച്ചോ...? അവന്റെ ശബ്ദം തീവണ്ടിയുടെ ചൂളം വിളികൾക്കിടയിലൂടെ ചൂഴ്ന്നിറങ്ങി...

"ഉണ്ണീ... എന്റെ പൊന്നുമോനേ..."

വേണ്ട... ആ നശിച്ച ചേരിയിലേക്ക് ഇനി ആ ജാലകം തുറന്നിടേണ്ട. തന്റെ മകനെ കശക്കിയെറിഞ്ഞ നിഗൂഢതയിലേക്ക്...

ഉടഞ്ഞ കണ്ണാടിച്ചില്ലിലേക്ക് അവൾ വീണ്ടും നോക്കി. തിളങ്ങി നിന്ന അതിന്റെ പ്രതലത്തിൽ ജീവിതചക്രത്തിന്റെ ഉരസൽ വരുത്തിയ പോറലുകൾ താൻ ശ്രദ്ധിച്ചില്ല.

അവളുടെ തേങ്ങലുകൾക്ക് മീതെ തീവണ്ടിയുടെ ചൂളം വിളി വീണ്ടും കടന്നുപോയി....